**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 45** **22-02-2022 - ൽ മറുപടിയ്ക്ക്**

**കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട അനധികൃത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൗജന്യ ഇന്റർനെറ്റ് നൽകുന്ന പദ്ധതിയായ കെ ഫോണിന്റെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു എന്നും ഈ ലക്ഷ്യങ്ങൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ; | (എ) | ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനും അതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കുവാനും ഉദ്ദേശിച്ചുള്ള ബൃഹത്തായ പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ). സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിന് പുറമെ 20 ലക്ഷത്തോളം ബി.പി.എൽ കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. കെ-ഫോൺ പദ്ധതിയുടെ നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള കേബിളുകൾ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പദ്ധതി 2022 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ഏതു കമ്പനിക്കാണ് നൽകിയത് എന്ന് വിശദമാക്കാമോ; ബെൽ അടങ്ങുന്ന കൺസോർഷ്യത്തിന് കരാർ നൽകാൻ മുൻ ഐ.ടി. സെക്രട്ടറി കെ ഫോൺ കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (M/s BEL) കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ (M/s Railtel), എന്നിവയ്ക്ക് പുറമെ എൽ.എസ് കേബിൾ (M/s LS Cable), എസ്.ആർ.ഐ.റ്റി (M/s Sobha Renaissance Information Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് കേരള സർക്കാരിന്റെ ' |

| | | | |
|---|---|---|---|
| | | | ഇ-പ്രൊക്യുയർമെന്റ് ' പ്ലാറ്റ്ഫോം വഴി കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) ഓപ്പൺ ടെണ്ടർ ക്ഷണിച്ചിരുന്നു. സാധുവായ 3 ടെണ്ടറുകളിൽ നിന്നും, സാങ്കേതിക വിലയിരുത്തലുകൾക്ക് ശേഷം, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തു. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് മത്സരാധിഷ്ഠിത ടെണ്ടറിലൂടെ തെരഞ്ഞെടുത്ത കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെട്ട കൺസോർഷ്യത്തിന് കരാർ നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുവാൻ 16.02.2019 ലെ കത്ത് പ്രകാരം ഐ.ടി വകുപ്പ് സെക്രട്ടറി കെ.എസ്.ഐ.ടി.ഐ.എൽ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 15.07.2019 ലെ സ.ഉ.(കൈ)നം.14/2019/വി.സ.വ പ്രകാരം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തെരഞ്ഞെടുത്ത നടപടികൾക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്വർണക്കടത്ത് കേസിൽ ഉൾപ്പെട്ട വനിതയുടെ ഭർത്താവിന് കെ ഫോൺ പദ്ധതിയുടെ ഭാഗമായി മാനേജരായി ജോലി നൽകിയിരുന്നോ; പ്രസ്തുത വ്യക്തിയെ പിന്നീട് പിരിച്ചുവിട്ടിരുന്നോ എന്ന് വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത നിയമനത്തിന് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഇടപെട്ടു എന്ന വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ